**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് - സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. 06/09/2019 തീയതിയിലെ ഇ.ഡി.4-13/18/ആ.വ.ഡ. പരിപത്രം
2. ഉത്തരവ് നം. ഇ.ഡി.4-13/18/ആ.വ.ഡ., തീയതി: 09/12/2019.

**ഉത്തരവ് നം. ഇ.ഡി.4-13/2020/ആ.വ.ഡ., തീയതി: 13/01/2021**

ആരോഗ്യവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ വിരമിക്കൽ വഴി 01/01/2021 -ൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകി നിയമിക്കാവുന്നതാണ്. ടി സീനിയോറിറ്റി ലിസ്റ്റിൽ നിന്നും റാങ്ക് നം. 2 ശ്രീമതി ബിന്ദു യു. ആർ., യു.ഡി. ടൈപ്പിസ്റ്റ് , ജില്ലാ മെഡിക്കൽ ഓഫീസ്, എറണാകുളം വരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയി തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ട്. റാങ്ക് നം. 3 ശ്രീമതി സുചിത്ര കുമാരി കെ., യു.ഡി. ടൈപ്പിസ്റ്റ്, ജില്ലാ മെഡിക്കൽ ഓഫീസ്, തൃശ്ശൂർ -നെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ തസ്തികമാറ്റം വഴി 20000 - 45800 ശമ്പള സ്കെയിലിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം ചട്ടം 286 (ii) പ്രകാരം സ്ഥാനക്കയറ്റം നൽകി ആരോഗ്യവകുപ്പ് കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൾ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം പുതിയ ശമ്പള സ്കെയിലിൽ ഓപ്ഷൻ നൽകേണ്ടതാണ്. ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിൽ ഒരു വർഷത്തെ യഥാർത്ഥ സേവനമാണ്.

ശ്രീമതി സുചിത്ര കുമാരി കെ ., യു.ഡി. ടൈപ്പിസ്റ്റ് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മേലധികാരി മുമ്പാകെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഒപ്പ്)
കുമാരി ബീന വി. റ്റി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:

ശ്രീമതി സുചിത്ര കുമാരി കെ ., യു.ഡി. ടൈപ്പിസ്റ്റ്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശ്ശൂർ.

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-16/01